(ബി) ഏതെങ്കിലും ജില്ലാ ആഫീസുകളിൽ നിന്ന് ഇപ്രകാരം ക്രമരഹിതമായി കെട്ടിക്കിടന്ന അപേക്ഷകൾ വിജിലൻസ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മറ്റു ജില്ലാ ആഫീസുകളിൽ തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഇപ്രകാരം നടപടി സ്വീകരിക്കാതെ കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബോർഡിന്റെ കൊല്ലം ജില്ലാ ആഫീസിൽനിന്നും 64 വിവാഹധനസഹായ അപേക്ഷയും 7 സ്കോളർഷിപ്പ് അപേക്ഷയും വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തി കൊണ്ടുപോയിട്ടുള്ളതായി ടി ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(സി) ബോർഡിന്റെ ജില്ലാ ഓഫീസുകൾതോറും അദാലത്തുകൾ സംഘടിപ്പിച്ചും ആനുകൂല്യ വിതരണ മേളകൾ നടത്തിയും ആനുകൂല്യത്തിനുള്ള അപേക്ഷകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകൾ

42 [3556] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ആഫീസുകളിൽ തീർപ്പ് കൽപ്പിക്കാതെ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് ആനുകൂല്യങ്ങളുടെ ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ജീവനക്കാരുടെ അഭാവം കാരണവും മതിയായ ഫണ്ട് ലഭിക്കാത്തതു കൊണ്ടുമാണ് സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഒരു പ്രത്യേക കർമ്മപരിപാടി തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷേമനിധി ബോർഡുവഴി വിതരണം ചെയ്യുന്ന അധിവർഷാനുകൂല്യം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾക്കുള്ള 1,61,166 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാൻ കുടിശ്ശികയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

ജില്ല	*അധിവർഷാനുകൂല്യം എണ്ണം*	*വിവാഹ ധനസഹായം എണ്ണം*
തിരുവനന്തപുരം	8527	2007
കൊല്ലം	8213	2106
പത്തനംതിട്ട	3899	731
ആലപ്പുഴ	8257	4460
കോട്ടയം	6388	3851
ഇടുക്കി	2629	1137
എറണാകുളം	8885	2933
തൃശ്ശൂർ	15090	5015
പാലക്കാട്	12680	6694
മലപ്പുറം	5490	3490
കോഴിക്കോട്	7971	9145
വയനാട്	2521	2188
കണ്ണൂർ	15497	6078
കാസർകോട്	3815	1474
ആകെ	109857	51309

(ബി) ബോർഡിന് മതിയായ ഫണ്ട് ഇല്ലാത്തതുകൊണ്ട് മാത്രമാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ കഴിയാതെ കുടിശ്ശികയായി കിടക്കുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly